മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: പത്രങ്ങളിൽ കൊടുക്കുന്നതു് ഒരു വഴിയാണോ?

രാമവർമ്മതമ്പുരാൻ: അതൊരു വഴിയാണു്.

QUALIFICATION—WAR LIST OF VOTERS

132. Mr. M. K. Verghese *(Cranganur):*

താഴെ പറയുന്ന ചോദ്യത്തിന്നു് മറുപടി തരുന്നതിന്നു് ഗവർമ്മെണ്ടിന്നു ദയവുണ്ടാകുമോ.—

൧൯൫൦-ാമാണ്ടത്തെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിച്ചതായ വോട്ടേഴ്സ് ലിസ്റ്റിൽ ഓരോ ഇനം യോഗ്യതകളിലും എത്ര വോട്ടർമാർ വീതം ഉണ്ടായിരുന്നു?

Rama Varmha Tampuran, M.B.E. *(Secretary to Government):*

മേശപ്പുറത്തു വെച്ചിരിക്കുന്ന വോട്ടേഴ്സ് ലിസ്റ്റിൽനിന്നു ഈ വിവരം ഗ്രഹിക്കാവുന്നതാണു്.

UNEMPLOYMENT PROBLEM IN THE STATE

133. Mr. P. K. Dewer *(Nominated):* Will Government be pleased to state:—

(*a*) what attempts have they made so for to meet the unemployment problem in the State of (1) the educated (2) the skilled and unskilled workers;

(*b*) if they have any idea of the total number of unemployed, educated and otherwise?

Rama Varmha Tampuran, M.B.E. *(Secretary to Government):*

(*a*) Government are doing their best to develop industries and agriculture and this will reduce unemployment largely.

(*b*) Statistics have not been compiled.

Mr. P. K. Dewer *(Nominated):* Whether the Government have taken up any work to give employment?

Rama Varmha Tampuran, M.B.E. *(Secretary to Government):* It was explained the other day that road works are about to be taken very shortly and some have been started.

Mr. P. K. Dewer *(Nominated):* May I know whether those works will be done departmentally?

Rama Varmha Tampuran, M.B.E. *(Secretary to Government):* It is proposed to do new works mostly departmentally.

134. Mr. P. Narayana Menon *(Trippunittura):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) യുദ്ധം അവസാനിച്ചതോടുകൂടി സ്റ്റോറിൽ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ ഗവണ്മെണ്ടു് വല്ല മാർഗ്ഗങ്ങളും അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണു് ആ മാർഗ്ഗങ്ങൾ?

Rama Varmha Tampuran, M.B.E. *(Secretary to Government):*

(എ) തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന്നു ചില പദ്ധതികൾ ഗവണ്മെൻറിൽ നിന്നും പരീക്ഷാർത്ഥമായി അംഗീകരിച്ചിട്ടുണ്ടു്. ടി പദ്ധതികൾ പാസ്സായിക്കഴിഞ്ഞാൽ ഉടനെതന്നെ അവയുടെ പ്രവർത്തനം തുടങ്ങുന്നതിന്നാണു് ഗവണ്മെണ്ടുദ്ദേശിക്കുന്നതു്.

(ബി) ടി പദ്ധതികളുടെ പകർപ്പുകൾ മേശപ്പുറത്തു് വെച്ചിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: തൊഴിലില്ലായ്മയെ നിശേഷം പരിഹരിക്കുന്നതിന്നു തയ്യാറാക്കിയ സ്കീമിൽപ്പെട്ട പദ്ധതികളാണോ മേശപ്പുറത്തു വെച്ചിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ: അങ്ങിനെയാണെന്നു പറയുവാൻ നിവൃത്തിയില്ല. പലേ പണികളും ഗവർമ്മേൻറിൽനിന്നു എടുക്കുന്നുണ്ടു്. അതൊക്കെ ഈ സമയത്തു എടുക്കുകയാണെങ്കിൽ ഈ പറഞ്ഞ ഉദ്ദേശം സാധിക്കും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന്നു ചില പദ്ധതികൾ ഗവർമ്മേൻറിൽനിന്നു അംഗീകരിച്ചിട്ടുണ്ടു്. അതിൻറെ ഒരു സാമാന്യ രൂപം പറയാമോ?

രാമവർമ്മതമ്പുരാൻ: പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറു വക വർക്സാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. പിന്നെ കോളനൈസേഷൻ വർക്സുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ. എത്ര ദിവസത്തിനുള്ളിൽ ഈ പണികൾ തുടങ്ങുമെന്നു പറയാമോ?

രാമവർമ്മതമ്പുരാൻ: ചിലതു തുടങ്ങീട്ടുണ്ടു്; ചിലതു ഉടനെ തുടങ്ങുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly